# പ്രത്യാശ

## (സെപ്റ്റംബർ 2008)

### (റിസർവ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനു വേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 17 പ്രസിദ്ധീകരണ തീയതി : 2008 സെപ്റ്റംബർ 1 പേജുകൾ : 6

**മെഡിക്കൽ അസിസ്റ്റൻസ് വർദ്ധന** : 01-01-1986 ന് മുമ്പ് വിരമിച്ചവർക്കും അവരുടെ ഫാമിലിക്കും പെൻഷൻ റഗുലേഷൻ പ്രകാരമുള്ള ഫാമിലി പെൻഷൻകാർക്കും 01-03-2008 മുതൽ കിട്ടിക്കൊണ്ടിരുന്ന പ്രതിമാസ മെഡിക്കൽ അസിസ്റ്റൻസ് തുക 1-4-08 മുതൽ ഇരട്ടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 23-7-08 ലെ സർക്കുലർ Co. HRDD No. G42/909/21.01/2008-09 പ്രകാരം വർദ്ധിപ്പിച്ച തുക ഇപ്രകാരമാണ്. ക്ലാസ് IV 3400 ക, ക്ലാസ്സ് III 3800 ക, ഗ്രേഡ് A/B/C 4400 ക, ഗ്രേഡ് D/E 5000 ക, ഗ്രേഡ് F/ED 5600 ക ഫാമിലി പെൻഷൻ 30% ആക്കി വർദ്ധിപ്പിക്കുന്നതുവരെ നല്ലൊരു ഇടക്കാലാശ്വാസമെന്ന രീതിയിൽ ഈ വർദ്ധന അങ്ങേയറ്റം സ്വാഗതാർഹം തന്നെ. ടോപ്പ് മാനേജ്മെന്റിന്റെ പെൻഷൻകാരോടുള്ള സമീപനത്തിൽ ഒരയവുവന്നതായും തുടർന്നും അനുഭാവനടപടികൾ ഉണ്ടാവുമെന്നും പ്രതീക്ഷിക്കാം.

**ഡി. ആർ. നിരക്കുകൾ** : ആഗസ്റ്റ് 2008 മുതൽ ജനുവരി 2009 വരെയുള്ള ഡി. ആർ. നിരക്കിൽ 29 സ്ലാബിന്റെ വർദ്ധനയാണുണ്ടായിട്ടുള്ളത്. ഒരു സ്ലാബിന് Post 1-11-02 പെൻഷനേഴ്സിന് .18 ശതമാനവും Pre 1-11-02 കാർക്ക് .24 ശതമാനവും എക്സ്ഗ്രേഷ്യക്കാർക്ക് .67 ശതമാനവുമാണർഹത. 1-11-02 ന് മുമ്പ് വിരമിച്ച വർക്ക് 1-2-05 മുതൽ ന്യായമായും കിട്ടേണ്ടിയിരുന്ന 100% ന്യൂട്രലൈസേഷൻ 1-3-08 മുതലാണ് നൽകിയതെങ്കിലും 1-2-05 മുതൽ തന്നെ അനുവദിച്ചുകിട്ടുമെന്നാണ് ഇപ്പോൾ കിട്ടുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അങ്ങിനെ സംഭവിച്ചാൽ താഴെ കൊടുത്തിരിക്കുന്ന 6 അർദ്ധ വാർഷികനിരക്കുകൾ പ്രകാരം വായനക്കാർ ഡി. ആർ. കണക്കാക്കി ബാങ്കിൽ നിന്നും യഥാസമയം ലഭിച്ച ഡി. ആർ. തുക കിഴിച്ചാൽ കുടിശ്ശിഖ എത്രയെന്ന് കണ്ടുപിടിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| 1-2-05 | to | 31-7-05 | 53.76% |
| 1-8-05 | to | 31-1-06 | 55.20% |
| 1-2-06 | to | 31-7-06 | 61.68% |
| 1-8-06 | to | 31-1-07 | 65.04% |
| 1-2-07 | to | 31-7-07 | 72.72% |
| 1-8-07 | to | 31-1-08 | 75.60% |
| 1-2-08 | to | 28-2-08 | 82.32% |

Pre 1-11-02 പെൻഷൻകാരെല്ലാം ഇപ്പോൾ സീനിയർ സിറ്റിസൺസായിരിക്കും. 2.25 ലക്ഷം രൂപ വരെ ആദായനികുതിയില്ല. അതിനുമേൽ 3 ലക്ഷം രൂപ വരെ 10% മേൽ 5 ലക്ഷം രൂപ വരെ 20% എന്നിങ്ങനെയാണ് നികുതി നിരക്ക് TDS ഒഴിവാകണമെങ്കിൽ 80C നിക്ഷേപത്തിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടിവരും. കുടിശ്ശിഖ അതാത് സാമ്പത്തിക വർഷത്തെ കണക്കിൽപ്പെടുത്തുമോ എന്നറിയില്ല. കുട്ടി ജനിച്ചിട്ട് പോരേ പേരിടുന്നതെന്ന് ചോദിക്കില്ലെന്ന് വിശ്വസിക്കുന്നു. അടുത്ത പ്രത്യാശ ഇനി നവംബർ 1 നേ ഉണ്ടായിരിക്കുകയുള്ളൂ.

**പുതിയ ജി. എം.** : കൊച്ചി ആഫീസിൽ ജി. എം. ആയി ആഗസ്റ്റ് ഒന്നുമുതൽ ശ്രീ. ഇ. മാധവൻ ചാർജ്ജെടുത്തിട്ടുണ്ട്. സെൻട്രൽ ആഫീസിൽ H.R.D.D. യിൽ D.G.M. ആയി പെൻഷൻ കാര്യങ്ങളെല്ലാം കൈകാര്യം ചെയ്തിരുന്ന ശ്രീ. എ. ഒ. ബഷീർ ഹൈദരാബാദിലേക്ക് സ്ഥലം മാറി പോയിരിക്കുന്നു. സെപ്റ്റംബർ ആദ്യം അവസാനിക്കുന്ന ഗവർണർ ശ്രീ. വൈ. വി. റെഡ്ഡിയുടെ കാലാവധി നീട്ടുന്നില്ലെന്നാണറിയുന്നത്.

**എം. എ. എഫ്. പദ്ധതി :** ആഗസ്റ്റ് 15 ന് അവസാനിച്ച യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായുള്ള ഗ്രൂപ്പ് മെഡി ക്ലെയിം പോളിസി ഒരു വർഷത്തെക്കുകൂടി നീട്ടിയതായി TTK ആഫീസിൽ നിന്നും അറിയുന്നു. പെർ ഹോസ്പിറ്റലൈസേഷൻ പരിധി വർദ്ധിപ്പിക്കുമെന്ന് കേട്ടിരുന്നു വെങ്കിലും ഇതുവരെ ഉത്തരവ് കിട്ടിയിട്ടില്ല. വാർഷിക ഹെൽത്ത് ചെക്കപ്പ് തുകയും വർദ്ധിപ്പിച്ചേക്കുമെന്ന് കേൾക്കുന്നു. കഴിഞ്ഞ ജൂലൈയിൽ കിട്ടേണ്ടിയിരുന്ന ഈ തുക എല്ലാവർക്കും ആഗസ്റ്റിലാണ് കിട്ടിയത്. TTK Health Care വഴി പ്രാവർത്തികമാക്കിയ United India പദ്ധതിയേപ്പറ്റി പല പരാതികളുമുണ്ടായിരുന്നു. ശ്രീ. സി. എ. ജേക്കബ്ബിന്റെ 2 ക്ലെയിമുകളിൽ ഒന്നിൽ ഇൻജക്ഷൻ ചാർജ്ജ് അനുവദിക്കുകയും മറ്റൊന്നിൽ നിരസിക്കുകയുമുണ്ടായി. ഇൻജക്ഷനുള്ള മരുന്നിന്റെ തുക അനുവദിക്കുകയും കുത്തിവയ്പ് ചാർജ്ജ് നിരസിക്കുകയും ചെയ്യുന്നത് വിചിത്രമാണെന്ന പരാതി അദ്ദേഹം അയച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട രോഗവുമായി ബന്ധമില്ലെന്ന് കാണിച്ച് 520 രൂപ ലബോറട്ടറി പരിശോധനാ ചാർജ്ജ് നിരസിച്ചതിനേയും ചോദ്യം ചെയ്തിട്ടുണ്ട്. എന്തൊക്കെ പരിശോധിക്കണമെന്ന് തീരുമാനിക്കേണ്ടത് ഡോക്ടറാണെന്നിരിക്കെ അതിന്മേൽ ഇൻഷുറൻസ് കമ്പനി അധികാരമുപയോഗിക്കുന്നതിന് ന്യായീകരണമില്ല. ഇതൊക്കെ കാണുമ്പോൾ പഴയ ബാങ്ക് പദ്ധതി തന്നെയായിരുന്നില്ലേ നല്ലതെന്ന് തോന്നിപോകും. എന്നാൽ ചില നല്ലവശങ്ങളുമില്ലാതില്ല. മസ്തിഷ്കാഘാതം മൂലം അമൃത ആസ്പത്രിയിൽ പ്രവേശിപ്പിച്ച (പരേതനായ) ശ്രീ. എം. മുത്തുകൃഷ്ണന്റെ കാര്യത്തിൽ ടി. ടി. കെ. ആഫീസിൽ നിന്നും പ്രത്യേക പരിഗണന ലഭിച്ചില്ലായിരുന്നുവെങ്കിൽ കാര്യം കുഴപ്പത്തിലായേനെമെന്നാണ് അദ്ദേഹത്തിന്റ അടുത്ത സുഹൃത്തും, RBREA കൊച്ചി അംഗവുമായ ശ്രീ. സി. കൃഷ്ണൻകുട്ടിയുടെ അനുഭവം. പ്രത്യാശയിൽ നിന്നും ലഭിച്ച ഫോൺ നമ്പരിൽ ശ്രീമതി. അജിതാ മേനോനുമായി സംസാരിച്ചശേഷം ID കാർഡ് നമ്പർ പോലും ലഭിച്ചിട്ടില്ലായിരുന്ന സമയത്ത് ടി. ടി. കെ. കമ്പനിയിൽ നിന്നും ലഭിച്ച ക്യാഷ് ലെസ്സ് നിർദ്ദേശമാണ് ശ്രീ. മുത്തുകൃഷ്ണന്റെ ചികിത്സക്ക് സഹായകരമായതെന്ന് ശ്രീ. കൃഷ്ണൻകുട്ടി നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിന്റെ അർത്ഥം ചില ചില്ലറ മിനുക്ക് പണികൾ നടത്തിയാൽ പുതിയ പദ്ധതി ഗുണകരമാകുമെന്ന് തന്നെയല്ലേ. ടി. ടി. കെ. യുടെ ലിസ്റ്റിൽ കൊച്ചി ആസ്പത്രികളുടെ പേരുകളിൽ No. 3 ആയി ഗിരിനഗർ ആയുർവ്വേദ് ആസ്പത്രിയും No. 25 ആയി ഇടപ്പള്ളി നോർത്ത് പുനർനവ ആയുർവ്വേദ ആസ്പത്രിയുമുണ്ട്. ഈ രണ്ട് ആയുർവ്വേദ ആസ്പത്രികളിലും കിടത്തി ചികിത്സയ്ക്ക് റീഇംബേഴ്സ്മെന്റ് കിട്ടുന്നതാണ്. (ക്യാഷ്ലെസ്സ് ഇല്ല) ബാങ്കിന്റെ പഴയ പദ്ധതിപ്രകാരം ആയുർവ്വേദ ചികിത്സക്ക് നാം അർഹരായിരുന്നില്ല എന്നോർക്കുമ്പോൾ ഇക്കാര്യത്തിൽ അൽപം പുരോഗതിയാണുള്ളത്. ഗിരിനഗർ ആസ്പത്രി പ്രത്യാശ സന്ദിർശിക്കുകയുണ്ടായി. 12 കിടക്കകളാണവിടെയുള്ളത്. ഇവരുടെ ആലുവാ ശാഖയിൽ 60 കിടക്കകളുണ്ടെന്നാണറിയുന്നത്. ചില പ്രമുഖ ആയുർവ്വേദാസ്പത്രികൾ ലിസ്റ്റിൽ പെടുത്തുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. യുണൈറ്റഡ് ഇന്ത്യ RBI ക്ക് വേണ്ടി ഒരു Customised പോളിസിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ടി. ടി. കെയുടെ ക്ലെയിം ഫാറം അവരുടെ ജനറൽ മെഡിക്ലയിം പോളിസിക്കാർക്ക് വേണ്ടി തയ്യാറാക്കിയതാണ് അതുകൊണ്ട് റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കുമ്പോൾ Name of Insurance Coy, Serial No. of the sehd/certificate No, Policy No, Have you been insured under any Mediclaim scheme earlier, Date of commencement of very first insurance for this insured person, If the claim is of domiciliary Hospitalisation etc. എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതില്ലെന്ന് ടി.ടി.കെ സമ്മതിച്ചിട്ടുണ്ട്.

**30% ഫാമിലി പെൻഷൻ :** ഈ വിഷയത്തിൽ ബാങ്കിൽ നിന്നും 22-8-06 ന് കേന്ദ്രസർക്കാരിനയച്ച കത്തിനുശേഷം നടന്ന സംഭവവികാസങ്ങളറിയുവാൻ R.T.I Act. പ്രകാരം അയച്ചകത്തിന് ലഭിച്ച മറുപടിയിൽ ഇങ്ങിനെ പറയുന്നു. "22-8-06 ന്ശേഷം ബാങ്കും കേന്ദ്രസർക്കാറുമായി നടന്ന കത്തിടപാടുകൾ റോൾ ബാക്ക് വിഷയം കേന്ദ്രീകരിച്ചായിരുന്നതിനാൽ ഫാമിലി പെൻഷൻ വർദ്ധനവുമായി ബന്ധപ്പെട്ട പെൻഷൻ റെഗുലേഷൻസ് ഭേദഗതികൾ ഉൾക്കൊള്ളിച്ചിരുന്നില്ല. എന്നാൽ ചില സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ധനകാര്യ വകുപ്പിലേ ബാങ്കിങ്ങ് ഡിവിഷൻ വഴി ചില കത്തുകൾ ലഭിക്കുകയും അവയ്ക്കെല്ലാം മറുപടികൾ ധനകാര്യ വകുപ്പിനയക്കുകയും ചെയ്തിട്ടുണ്ട്. കോപ്പികൾ ആവശ്യമെങ്കിൽ ഫോട്ടോ കോപ്പി ചാർജ്ജായി 32 രൂപ അയച്ചുതരിക." എന്തായാലും ഇത്രയുമായില്ലേ എന്ന് കരുതി 32 രൂപ എം. ഒ. അയച്ച് കോപ്പികൾ വാങ്ങി പരിശോധിച്ചതിൽ RB Pensioners forum, New Delhi, RB Retd Emp. Assn Kalkatta, All India RBI Workers Organisation, Nagpur എന്നീ സംഘടനകൾ കേന്ദ്രസർക്കാറിനയച്ച നിവേദനങ്ങൾ ബാങ്കിന് കൈമാറിയപ്പോൾ പരിഹാരം സർക്കാരിന്റെ ഭാഗത്തുനിന്നാണുണ്ടാവേണ്ടതെന്നും 22-8-06 ന്

ബാങ്ക് സർക്കാരിനയച്ച കത്ത് ചൂണ്ടിക്കാട്ടിയും മറുപടി അയച്ചത് മാത്രമാണ് സംഭവമെന്നും മനസ്സിലായി. ഇത്രയും വലിയ മനുഷ്യ വിഭവശേഷിയുള്ള ഒരു സ്ഥാപനത്തിന് കഴിഞ്ഞ 2 വർഷമായി ഈ വിഷയം പിൻതുടരാൻ കഴിഞ്ഞില്ലെന്നുള്ളത് രസകരം തന്നെ. കേന്ദ്രസർക്കാരിന്റെ പിടിവാശി കാരണം എഴുതിയിട്ട് പ്രയോജനമില്ലെന്ന് കരുതിയതുമാകാം. അത്രകണ്ട് കത്തുകൾ കഴിഞ്ഞ 7 വർഷമായി ഇക്കാര്യത്തിൽ കൈമാറിയിട്ടുണ്ട്. ഈ വിഷയം ബാങ്കും ധനകാര്യവകുപ്പും തമ്മിലുള്ള ഒരു കത്തിടപാട് മാത്രമായി ഒതുക്കാതെ സംഘടനാപരമായ മറ്റുനീക്കങ്ങൾ ആവശ്യമായി വന്നിരിക്കുന്നുവെന്നാണ് തോന്നുന്നത്.

**ഗവർണർക്ക് ശ്രീ. പി. പി. രാമചന്ദ്രന്റെ പദ്യരൂപത്തിലുള്ള വിലാപ കത്ത്**

RBI Retirees Vilapa

"Without Reserve" is the RBI House Journal's name
"without hope" sums up the RBI Retirees plight!
The former has a long list of those whose fame
Dwells past their demise, even though their role was light.

The ones who departed and the ones who survived
Have banked on an updation of pension
Good proposals on this inside RBI have thrived
But are languishing inordinately leading to tension

May we appeal to you, Respected Dr. Reddy,
Tobecome aware of the Retirees anguish and travail
Grant them their demands which really aren't so heady
Allow them their rightful benefits to avail.

(The author is now in USA for four months stay)

**വാർദ്ധക്യാസൂത്രണം** (Part 2) : ജൂലൈ ലക്കത്തിനൊപ്പമയച്ച ഫാമിലി പെൻഷൻ അപേക്ഷാഫോറം "How to Apply for family pension" എന്ന ലേബലോടുകൂടി ഒരു പ്രത്യേകത ഫയലിൽ എല്ലാവരും സൂക്ഷിച്ചിരിക്കുമെന്ന് വിശ്വസിക്കുന്നു. ഫലയിന്റെ പുറത്ത് P. F. Index number കൂടി കാണിക്കേണ്ടതുണ്ട്. ബാങ്കിൽ എല്ലാ കാര്യത്തിനും ഇനി P. F. Index No. ആവശ്യമാണ്. RBI Pension Regulations ന്റെ കോപ്പിയും ഈ ഫയലിൽ വയ്ക്കുന്നത് നന്ന്. പിൻഗാമികൾക്ക് സ്വന്തമായോ മറ്റുള്ളവരേ കാണിച്ചോ കാര്യങ്ങൾ മനസ്സിലാക്കുവാൻ ഇതു സഹായകമായേക്കും. (http://rbidocs.rbi.org.in/content/pdfs/71127.pdf) എന്ന RBI Website ൽ കോപ്പി ലഭ്യമാണ്. വർഷങ്ങൾക്കുമുമ്പ് വിരമിച്ചവരുടെ കൈവശമുള്ള പതിപ്പിൽ പല ഭേദഗതികളുമുള്ളതിനാൽ അപ്പ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ വെബ് സൈറ്റിൽ നിന്നും കിട്ടിയ കോപ്പിയിൽ ordinary rate of family pension തെറ്റായി കൊടുത്തിരിക്കുന്നത് ചൂണ്ടിക്കാട്ടി പ്രത്യാശ കത്തയച്ചപ്പോൾ തെറ്റുകൾ തിരുത്തുമെന്ന് മറുപടി കിട്ടി. തുടർന്ന് വെബ്സൈറ്റിൽ നിന്നും ഈ ഖണ്ഡിക അപ്രത്യക്ഷമായതായി കാണുന്നു. തെറ്റു തിരുത്തി ഈ ഖണ്ഡിക എന്ന് തിരിച്ചുവരുമെന്നറിയില്ല. അത്രവേഗം തിരിച്ചുവരാൻ പറ്റാത്തവിധം കുളമായിക്കിടക്കുകയാണ് ഫാമിലി പെൻഷൻ നിരക്കുകൾ. ഡി. ആർ ഉൾപ്പെടെ പലനിരക്കുകളും "Ad-hoc" അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത് 30% uniform അംഗീകരിച്ചാലേ ഈ തകരാറുകൾ പരിഹരിക്കപ്പെടുകയുള്ളു. ധനകാര്യവകുപ്പിന് എത്രകത്തുകൾ അയച്ചിട്ടും ഇതൊന്നും അവർക്ക് മനസ്സിലാകുന്നമില്ല. പെൻഷൻ റെഗുലേഷൻസ് ഭേദഗതികൾ പാർലമെന്റ് പാസ്സാക്കി ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതിനാൽ ബാങ്കിന് തനിയേ ഒന്നും ചെയ്യാനും സാധിക്കയില്ല. (വാർദ്ധക്യാസൂത്രണം. പാർട്ട് 3 ജോയിന്റ് അക്കൗണ്ട്സും വിൽപത്രവും അടുത്ത ലക്കത്തിൽ)

**1-11-02 മുതലുള്ള അപ്ഡേഷൻ :** ജൂൺ 18 ന് പ്രത്യാശ ബാങ്കിനയച്ച കത്തിന് ലഭിച്ച മറുപടിയിൽ നിന്നും കിട്ടിയ വിവരങ്ങൾ

1. 8-8-05 ന് റോൾ ബാക്ക് ചെയ്യാൻ ധനകാര്യ വകുപ്പിന്റെ കത്ത് ലഭിക്കുകയും 1-2-06 ന് സെൻട്രൽ

ബോർഡ് കമ്മറ്റി കൂടി അപ്പ്ഡേഷൻ പിൻവലിക്കേണ്ടെന്നും എന്നാൽ ഭാവി അപ്പ്ഡേഷൻ നടത്തേണ്ടെന്നും തീരുമാനിച്ചു. ഈ തീരുമാനം കേന്ദ്രത്തിനെ അറിയിക്കുകയും ചെയ്തു.

2. ഇതിൽ തൃപ്തിയാവാതെ അധികപ്പറ്റ് തിരിച്ച് പിടിക്കുന്നത്. 1-11-02 ന് പകരം 8-8-05 മുതൽ മതിയെന്ന് മാർച്ച് 2006 ൽ കേന്ദ്രം ബാങ്കിനേ അറിയിച്ചു.

3. പിന്നീട് ഇരുകൂട്ടരും അവരവരുടെ നിലപാട് ആവർത്തിച്ച് 13 കത്തുകൾ കൈമാറി.

4. 1-8-07 ന് സെൻട്രൽ ബോർഡിലെ സർക്കാർ നോമിനി ഡോ. സുബ്ബറാവുവിന് ബാങ്കിന്റെ നിലപാട് വിശദീകരിച്ച് കത്തെഴുതി.

5. ഇതിനുശേഷവും റോൾ ബാക്ക് ഉടൻ നടത്തണമെന്നാവശ്യപ്പെട്ട് 4 കത്തുകൾ കേന്ദ്രത്തിൽ നിന്നും ലഭിച്ചു.

6. 4-3-08 ന് റോൾ ബാക്ക് ബാങ്കിലെ ഇൻഡസ്ട്രിയൽ റിലേഷൻസിനെ ബാധിക്കുന്ന കാര്യമാകയാൽ കരുതലോടെയേ നീങ്ങാൻ സാധിക്കൂ എന്ന് അവസാനമായി ബാങ്ക് കേന്ദ്രത്തിനെ അറിയിച്ചു.

ഉടുമ്പ്പോലെ പിടിച്ചിരിക്കുന്ന കേന്ദ്രത്തിനെ മറികടന്ന് 1-11-02 മുതലുള്ള അപ്പഡേഷൻ നൽകണമെങ്കിൽ ഗവർണർ ധൈര്യമായ ഒരു നിലപാട് എടുക്കേണ്ടതുണ്ട്. 14-8-08 ലെ സെൻട്രൻ ബോർഡ് യോഗത്തിൽ അവതരിപ്പിച്ച മെമ്മോറാണ്ടത്തിന്റെ ഉള്ളടക്കമറിയില്ല. എന്തായാലും ഈ വിഷയം സെൻട്രൽ ബോർഡ് കമ്മറ്റി പരിഗണിക്കേണ്ട ആവശ്യമേയുള്ളൂ എന്നാണ് ബോർഡിന്റെ തീരുമാനമെന്നാണ് റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നത്. യോഗത്തിന്റെ മിനിട്സ് ലഭിച്ചശേഷം H. R. D. D. തുടർ നടപടികളെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 1-9-08 ന് മുമ്പ് വിവരം ലഭിച്ചാൽ Late news ആയി അറിയിക്കുന്നതാണ്.

Soliloquy of a Retiree (By Shree K. S. Kurup Pattimattom - Pre 1-1-86 Retiree)

Traversed for Decades and Decades
Braving many a strife
Mock funerals, slogans
Ridiculous, vexatious,
"Are you working, shame, shame"

We have it from the wily sage @
Do thy duty, seek not rewards%
Ruse for slavery at a By-Gone Age;
Would it suffice have nots' pangs?

Pens of veritable hues, alas:

Shattered hopes for twilight days,
Frugal needs of fragile limbs,
Ebbing mental and physical prowess,
Hard to tide with empty purse :
What is the recourse ?
Chant woolsey's prayer:

(As modified)
Had I served my god as reverently
As I did my bank, I would not
Have fallen on these days of penury

@ Ved Vyaasa the sage, the author of Mahabharatha

% The oft quoted and misquoted lines from Githa to suit Exploitation

For original woolsey's version substitute king for Bank (Editor)

**സംഭാവനകൾ :** ശ്രീ. സി. കൃഷ്ണൻകുട്ടി (TVM Retd.) മങ്കര 200 രൂപ, ശ്രീ. ഇ. ഗോപാലകൃഷ്ണൻ (Chennai Retd) എടപ്പാൾ 600 രൂപ + മുൻ ബാലൻസ് 966 രൂപ = 1766 രൂപ. Less ഈ ലക്കം ചിലവ് 865/- രൂപ = നീക്കിയിരുപ്പ് 901/- രൂപ. വാണിജ്യാടിസ്ഥാനത്തിൽ വരിസംഖ്യ പിരിച്ച് പുറപ്പെടുവിക്കുന്ന ഒരു പ്രസിദ്ധീകരണമല്ല പ്രത്യാശയെന്ന് വായനക്കാർക്കറിയാവുന്നതാണ്. എങ്കിലും കണക്കുകൾ സൂക്ഷിക്കുന്നുണ്ട്. സുതാര്യതയുമുണ്ട്. ഡി. ടി. പി. ആക്കിയതിനുശേഷം ഒരു കോപ്പിക്ക് 12 രൂപ ചിലവുണ്ട്. എത്ര പണമയച്ചുവെന്നും എത്ര കോപ്പി ലഭിച്ചുവെന്നും വായനക്കാർ തന്നെ കണക്കാക്കി യഥാസമയം സംഭാവനകൾ അയച്ചുതരണമെന്ന് മുമ്പൊരു ലക്കത്തിൽ അഭ്യർത്ഥിച്ചിരുന്നു. പലരും അങ്ങിനെ ചെയ്യുന്നുണ്ടെങ്കിലും ചിലർ വീഴ്ച വരുത്തുന്നു. ഈ സാഹചര്യത്തിൽ ഓർമ്മപ്പെടുത്തിയിട്ടും പുനർ സംഭാവന അയക്കാത്തവർക്ക് (1-ാം പേജിൽ ചുവന്ന സ്റ്റാർ അടയാളം) അടുത്ത ലക്കം മുതൽ കോപ്പികൾ അയക്കുന്നതല്ല. കൂടാതെ ഒന്നാം പേജിൽ കറുത്ത സ്റ്റാർ അടയാളം കാണുന്നവർ 100 രൂപ സംഭാവന അയച്ചുതരണമെന്നും അപേക്ഷിക്കുന്നു. (M.O. or Cheque favouring K. G. K. Pillai)

**LAUGH DOWN YOUR SPINE**

**THE NONSENSE FILE BY THE COLONEL** (Courtesy "The Week" dated 30-11-2003)

**MISUNDERSTOOD WORDS.**

A communication gap can often lead people into a thick soup. Some times into very serious situations and often to very bizarre ones.

Once, a singapore Airlines traveller of Indian Origian told his fellow traveller in the next seat that he was a bass guitarist. The other passenger heard it as a Bosnian terrorist and reported the matter to the Cabin Crew. The rest was mayhem and history. However here goes the most amusing tale of communication gap I have ever heard.

An English lady, while on a visit to switzerland, fell in love with the place. She asked a Swiss School master friend of hers to find a suitable room for her so that she could return to Switzerland. Just when the lady was making the preparations to move to Switzerland a thought occurred to her that she did not enquire about the WC. So she wrote to the school master asking if there was a WC conveniently situated. As the school master did not understand the meaning of the abbreviation (W-water, C-Closet ie toilet facilities) he tried to discover the meaning of WC. And the only solution he could find was "wayside chappel" The school master then wrote the following letter to the English lady.

Madam,

I take great pleasure in informing you that the WC is situated nine miles from your room in the Centre of a beautiful pine grove surrounded by lovely grounds. It has a sitting capacity of 300 people and is open on Sundays and Wednesdays only. As there are a number of people expected for the summer months, I would suggest that you come early, although usually there is alot of standing space available. This is an unfortunate situation especially if you are in the habit of going regularly.

You will, no doubt, be glad to hear that a good number of people bring their own lunch and make a day of it; while others, who can afford to go by car, arrive just in time. I would specially recommend your lady ship to go on Wednesdays as there is an organ accompaniment. The acoustics is so excellent that even the most delicate sound can be heard clearly all around.

It may interest you to know that my daughter first met her husband in the WC and so she was married there. I can remember the rush for seats that day. There were ten people to one seat, normally occupied by four. It was wonderful to see the expressions on their faces.

The latest attraction is a bell donated by a wealthy resident of the district. It rings every time a person enters. An auction is to be held to provide cushioned seats for all since it is a long felt need.

As my wife is rather delicate it is almost a year since she went last. Naturally, it pains her very badly because she is unable to go regularly.

I shall be delighted to reserve the best seat for you, where you will be seen by all, so that your behaviour and expression becomes an example for them. For the children there is a special time and place. So that they may enjoy as they please and not disturb the elders.

Hoping to be of best service to you.

**Any chance of her lady ship having visited Switzerland again?**

Next Issue of Prathyasa : Unless there are compelling reasons or hot news to be published, the next issue will be dated 1-11-2008.

**എല്ലാവായനക്കാർക്കും പ്രത്യാശയുടെ ഓണാശംസകൾ**

**<u>Late News :</u>**

1. New Governor : Dr. D. Subha Rao. I. A.S.
2. MAF : Shri. C. A. Jacob's claim admitted
3. Updation : No encouraging news

Edited by K. G. K. Pillai, C.2, Elders Village, Chottanikkara P.O, PIN- 682312, Ph No: 0484-2713414

The views expressed herein are purely those of the Editor and not those of the RBREA, Kochi.